# കാൽപ്പാടുകൾ (നോവൽ)

കാരൂർ സോമൻ



അധ്യായം: 23

## കണ്ണീർക്കയം

ആൻസിയെ വിമാനത്താവളത്തിൽനിന്നു കൂട്ടിക്കൊണ്ടുവരാൻ ജോസ് പോയതുമുതൽ ആനി സിറ്റൗട്ടിൽതന്നെയായിരുന്നു. അനിയത്തിയെ കാണാൻ ആകാംക്ഷയോടെയിരിക്കുന്ന ആനിയെ കണ്ടിട്ട് ഏലിയാമ്മയ്ക്ക് ചിരി വന്നു.

'ആഹാ ഇതുകൊള്ളാമല്ലോ ആൻസിമോള് ഇങ്ങോട്ടല്ലേ വരുന്നേ. അതിനിവിടെ വന്ന് ഇങ്ങനെ വഴിക്കണ്ണുമായി കാത്തിരിക്കേണ്ട കാര്യമൊന്നുമില്ല. ഇപ്പൊ ഒരാൾക്കല്ല രണ്ടാൾക്കാ ടെൻഷൻ അഫക്ട് ചെയ്യുക അറിയാല്ലോ.' പകുതി കളിയായും പകുതി കാര്യമായുമാണ് ഏലിയാമ്മ അതുപറഞ്ഞത്.

ആനിയുടെ മുഖത്ത് നാണത്തിന്റെ നുണക്കുഴികൾ വിരിഞ്ഞു.

'അല്ല അതുഞാൻ വെറുതെ...' ആനി വാക്കുകൾക്കായി മുങ്ങിത്തപ്പി.

'മോളുവാ നമുക്കാ താറാവുകൾക്ക് തീറ്റകൊടുക്കാം. ഒറ്റയ്ക്കിവിടെ ഇങ്ങനെ ഇരിക്കണ്ട.'

ആനി എഴുന്നേറ്റു ഏലിയാമ്മയ്ക്കൊപ്പം പുറത്തേക്കു നടന്നു.

ആൻസിക്കു താൻ പരിശീലിച്ച അതേസ്ഥാപനത്തിൽതന്നെ പരിശീലനത്തിനുള്ള സൗകര്യം ചെയ്തിട്ടുണ്ട്. അവൾക്കുകൂടി ജോലിയായാൽ ഒരു വാടകവീടെടുത്ത് അവിടേക്കു താമസം മാറ്റണം. എത്രനാളാണ് ഇവിടെയിങ്ങനെ. എങ്കിലും അതിന് ആന്റീം അങ്കിളും സമ്മതിക്കുമോ എന്നറിയില്ല.

ഇളംകാറ്റു വീശി കടന്നുപോയി. പ്രാവിൻകൂട്ടിൽ ഇടാനുള്ള പയർമണികൾ ആനിയെ ഏൽപ്പിച്ച് ഏലിയാമ്മ താറാവുകളുടെ അടുത്തേക്കു നടന്നു.

ഡോക്ടർ പറഞ്ഞ ഡേറ്റിന് ഇനി ഒരുമാസം കൂടിയേ ഉള്ളൂ. അത്രയുംനാൾ അവധിയാണ്. മോനിക്ക ആ ഹോസ്പിറ്റലിൽതന്നെയാണിപ്പോൾ. അതുകൊണ്ട് അവധി എളുപ്പംകിട്ടി. തണുപ്പുകഴിഞ്ഞ ഉടനെതന്നെ അങ്കിൾ കരീബിയൻ ദ്വീപിലെ തോട്ടത്തിലേക്കു പോയതാണ്. ഇതുവരെ മടങ്ങിവന്നിട്ടില്ല. ഒരുപിടി ധാന്യമെറിഞ്ഞപ്പോഴേ പ്രാവുകൾ അവൾക്കുചുറ്റും കുറുകിയാർത്തു. സമാധാന പക്ഷികളുടെ ചിറകൊച്ചകൾ.

അടുത്ത ആഴ്ചയാണ് സൈമന്റെ അമേരിക്കയിലെ മത്സരം. വിജയത്തിന്റെ പടികളിലേക്കുള്ള കടുത്ത പരിശീലനത്തിലാണ് സൈമൺ. പരിശീലനസമയം കൂട്ടിയിരിക്കുന്നു. തനിക്കു വയ്യാത്തതുകൊണ്ട് ആന്റി മത്സരം കാണാൻ പോകുന്നില്ലെന്നു തീരുമാനിച്ചിരിക്കുന്നു. ആൻസിവന്നാലും ആന്റിയിവിടെ കാണണമെന്നാണ് ഡാനിയങ്കിളിന്റെ ഓർഡർ.

സൈമൺ വിജയിക്കുമെന്നുതന്നെയാണ് എല്ലാവരുടെയും പ്രതീക്ഷ, പ്രാർഥനയും.

ആൻസിയെക്കുറിച്ചുള്ള ചിന്ത വീണ്ടും ആനിയുടെ ഉള്ളിൽ തികട്ടി.

അമ്മ മരിച്ചതിനുശേഷം അവൾക്കെല്ലാം താനായിരുന്നു. കൂട്ടുകാരിയും ചേച്ചിയും അമ്മയും എല്ലാം. ഒരു കൊല്ലം മാത്രമേ ആയുള്ളൂ അവളെ കാണാതെ അകന്നുനിന്നിട്ട്. ഒരു യുഗമായതുപോലെ. ജീവിതത്തിന്റെ അപ്രതീക്ഷിതമായ മുനമ്പുകളിൽ തന്റെ ജീവിതം തട്ടിതകർന്നുവെന്നറിഞ്ഞപ്പോൾ ശരിക്കും തകർന്നുപോയിരുന്നു. അവൾ ഒരുപാടു കരഞ്ഞു. ഫോണിന്റെ ഇങ്ങേത്തലയ്ക്കലിരുന്ന വിറയാർന്ന ഹൃദയത്തിലേക്ക് ഒരാന്തലോടെയാണ് അവളുടെ കരച്ചിലെത്തിയത്. അപ്പോൾ ഒന്നും പറയേണ്ടിയിരുന്നില്ലെന്നു തോന്നി.

അവൾ ഇവിടെവരുമ്പോൾ എല്ലാം അറിഞ്ഞാൽ മതിയായിരുന്നു. പക്ഷേ കഴിഞ്ഞില്ല. മുഖംമൂടിയണിഞ്ഞ് അവളോടുമാത്രം കള്ളത്തിന്റെ കെട്ടഴിക്കാൻവയ്യ.

'പ്രാവുകളോട് കഥ പറഞ്ഞുകഴിഞ്ഞില്ലേ.' ആന്റിയാണ്. ഇപ്പോൾ എപ്പോഴും കളിയാക്കലേയുള്ളൂ.

അവൾ തിരിഞ്ഞുനിന്നു ചിരിച്ചു ആലസ്യത്തിന്റെ ക്ഷീണംപടർന്ന ചിരി.

'മതി അതുങ്ങളെ ലാളിച്ചത് ഇങ്ങുപോര്.'

ഏലിയാമ്മ പറഞ്ഞു.

ആനി പയർമണികലുടെ പാത്രവുമായി വീട്ടിലേക്കു നടന്നു.

പോക്കറ്റിൽ മൊബൈൽ ശബ്ദിച്ചു.

അപ്പന്റെ സ്വരം കാതുകളിൽ മുഴങ്ങി. അവളുടെ ഹൃദയം നിറഞ്ഞു.

'സുഖമല്ലേ മോളേ...'

'സുഖം.'

ആൻസിയെ എയർപോർട്ടിൽനിന്നു കൊണ്ടുവരാൻ ജോസ്പപ്പ പോയിട്ടുണ്ടെന്നു ആനി പറഞ്ഞു. അവർ വന്നാലുടനെ തിരിച്ചു വിളിക്കാമെന്നും പറഞ്ഞു. ഫോൺ വയ്ക്കുംമുൻപ് അപ്പൻ എന്നത്തെയുംപോലെ അവസാനവാചകം പറഞ്ഞു.

'മോളേ, നീ ഭാഗ്യം ഉള്ളോളാ... അതല്ലേ രാജാക്കൻമാരുടെ രാജ്ഞിമാരുടെയു....'

മുഴുവൻ കേൾക്കാൻ നിൽക്കാതെ ആനി ഫോൺ കട്ടുചെയ്തു. ഇനിയതു കേട്ടാൽ താൻ കരഞ്ഞുപോകും.

ഫോൺ കട്ടായതാണെന്നു ഇനി വിളിക്കുമ്പോൾ അപ്പനോടു പറയാം.

തന്റെ വിവാഹം ഉറപ്പിച്ചുകഴിഞ്ഞപ്പോൾ അപ്പനൊരു സാമ്രാജ്യം പിടിച്ചടക്കിയപോലെ സന്തോഷത്തിലായിരുന്നു. ആ സന്തോഷം ഇന്നോളം തകർത്തിട്ടില്ല താൻ.

കണ്ണീരിന്റെ നിലയില്ലാക്കയത്തിൽ താഴുമ്പോഴും നീറിപ്പിടഞ്ഞ മനസുമായി നിൽക്കുമ്പോഴും സന്തോഷത്തിന്റെ മുഖംമൂടിയണിഞ്ഞാണ് താൻ അപ്പനോടു സംസാരിച്ചിരുന്നത്. രാജാക്കൻമാരുടെയും രാജ്ഞിമാരുടെയും നാട്ടിൽനിന്ന് വിവാഹാലോചന ലഭിച്ച താൻ ഭാഗ്യവതിയാണെന്ന് എപ്പോഴും പറഞ്ഞുവയ്ക്കുന്ന അപ്പനെ ഒരിക്കലും നിരാശപ്പെടുത്തിയിട്ടില്ല. അപ്പൻ പറഞ്ഞത് ശരിയാണെന്നു പറയും. തന്റെ ഭാഗ്യമെന്നു കൂട്ടിച്ചേർക്കും. ഫോൺ വയ്ക്കും.

തന്റെ മനസിൽ വിഷാദത്തിന്റെ കണ്ണീർരേഖ കീറുമ്പോഴും അപ്പന്റെ മനം നിറയുന്നതു മനസിൽ കണ്ട് താൻ ആശ്വസിക്കുന്നു.

ജസ്റ്റിൻ തന്നോടൊപ്പമുണ്ടായിരുന്നെങ്കിൽ അപ്പനെ താൻ ഇങ്ങോട്ടു കൊണ്ടുവന്നേനെ. രാജാക്കന്മാരുടെയും രാജ്ഞിമാരുടെയും ലോകത്ത് മഹിമയോടെ വാഴിച്ചേനെ. പക്ഷേ ഇനി വയ്യ. മുൾക്കിരീടമാണ് തന്റെ തലയിലെന്നറിഞ്ഞാൽ അപ്പൻ തകർന്നുപോകും. ആ കണ്ണീർ നിറയുന്നതു കാണുവാൻ വയ്യ.

ഓർത്തപ്പോൾ ആനിയുടെ കണ്ണുനിറഞ്ഞു. ഗെയിറ്റിനരികിൽ കാറിന്റെ ഹോൺ മുഴങ്ങി. ആൻസി വരുന്നു. ആനി കണ്ണുകൾ തുടച്ചു. ഒരിരമ്പലോടെ കാർ പോർച്ചിൽവന്നു നിന്നു.

ഡോർതുറന്ന് ആദ്യമിറങ്ങിയത് ജോസാണ്. പിന്നാലെ ആൻസി.

ഒരുനിമിഷം ചേച്ചിയുടെയും അനിയത്തിയുടെയും കണ്ണുകളിടഞ്ഞു.

'ചേച്ചീ...' ആൻസിയുടെ കണ്ണിൽ ഒരു മഴത്തുള്ളി.

ആനി അവളെ മാറോടണച്ചു. അവളുടെ കവിളിൽ ഒരു മുത്തം കൊടുത്തു.

കാറിന്റെ ശബ്ദംകേട്ട് ഏലിയാമ്മ പുറത്തേക്കെത്തിയിരുന്നു.

രണ്ട് സഹോദരിമാരെയും നോക്കി ഏലിയാമ്മ നിന്നു. ആനിയുടെ ഒരു ചെറിയ പതിപ്പാണ് ആൻസി. ആനിയെപ്പോലെതന്നെ സുന്ദരി. കീഴ്ചുണ്ടിനോടു ചേർന്ന മറുക് അവളെ കൂടുതൽ സുന്ദരിയാക്കി. ജീൻസും ഷർട്ടുമാണ് വേഷം. കൊത്തിയെടുത്തതുപോലെയുള്ള അവളുടെ ശരീരത്തിന്റെ അളവുകോലുകൾ ആ വസ്ത്രത്തിൽ നിറഞ്ഞുനിന്നു. ഏലിയാമ്മ അവരെ അകത്തേക്കു വിളിച്ചു.

ആനിയെ വീട്ടിലേക്കുള്ള പടികൾ കയറാൻ സഹായിച്ചത് ആൻസിയായിരുന്നു.

'ഇതിനകത്തുള്ളത് മോനോ... മോളോ.'

ആൻസി ആനിയുടെ വയറിൽ തൊട്ടുകൊണ്ടു ചോദിച്ചു.

മറുപടിയായി ആനി കണ്ണുചിമ്മി.

'സ്കാൻ ചെയ്തു നോക്കണ്ടെന്ന് ആന്റി പറഞ്ഞു. കുഞ്ഞിന് കേടാണല്ലോ. എന്തായാലും അമ്മയാകാൻ പോകുവല്ലേ.'

'അതേയതെ...' ആൻസി ചിരിച്ചു.

ഏലിയാമ്മ കാപ്പിയും പലഹാരങ്ങളും ഡൈനിംഗ് ടേബിളിൽ നിരത്തിക്കഴിഞ്ഞിരുന്നു.

'കഴിക്കുമോളേ യാത്രാക്ഷീണമൊക്കെ മാറട്ടെ.' ആൻസി ഏലിയാമ്മയെ നോക്കി ചിരിച്ചു.

ഇതാണു ചേച്ചിക്കു കിട്ടിയ പുതിയ അമ്മ. എടുപ്പിലും നടപ്പിലും സംസാരത്തിലുമൊക്കെ കുലീനയായ ഒരു സ്ത്രീ. എവിടെയൊക്കെയോ ഏലിയാമ്മയ്ക്ക് തന്റെ അമ്മയുടെ ഛായയുള്ളതായി തോന്നി ആൻസിക്ക്. താൻ ശരിക്കും അമ്മയെ കണ്ടിട്ടുപോലുമില്ല, ഫോട്ടോയിലല്ലാതെ. താൻ പിച്ചവച്ചുനടന്നപ്പോഴേക്കും അമ്മ പോയി. പിന്നെ ചേച്ചിയായിരുന്നു തനിക്കെല്ലാം. അമ്മയുടെ സ്നേഹവും വാത്സല്യവും പകർന്നാണ് ചേച്ചി തന്നെയും അനിയനെയും വളർത്തിയത്. ജന്മാന്തരങ്ങൾകൊണ്ടും ഒടുക്കാനാവാത്ത കടപ്പാട്.

ജോസ് പിന്നെവരാമെന്നു പറഞ്ഞ് യാത്ര പറഞ്ഞിറങ്ങി.

ബ്രേക്ക്ഫാസ്റ്റ് കഴിച്ചിട്ടു പോകാമെന്നു ഏലിയാമ്മയുടെ നിർബന്ധത്തിനു വഴങ്ങിയില്ല. കാർ ഗെയിറ്റു കടന്നു പോയി. ഫോൺ ശബ്ദിച്ചു.

ഏലിയാമ്മയാണെടുത്തത്.

ഡാനിയായിരുന്നു. ആൻസി വന്ന വിവരവും ജോസ് വന്നിട്ട് മടങ്ങിപോയതുമൊക്കെ ഏലിയാമ്മ പറഞ്ഞു. കുഴപ്പമൊന്നുമില്ല... സുഖമായിരിക്കുന്നു എന്ന മറുപടി കേട്ടപ്പോൾ അതു ചേച്ചിയെ അന്വേഷിച്ചതായിരിക്കുമെന്നു ആൻസി മനസിലോർത്തു.

ഫോൺവച്ച് ഏലിയാമ്മ അവർക്കടുത്തുവന്നു.

ആനി ആൻസിയെ നിർബന്ധിച്ച് ഓരോന്നു കഴിപ്പിക്കുകയാണ്. ഏലിയാമ്മയുടെ മനസു നിറഞ്ഞു. സ്നേഹത്തിന്റെ കടൽ പകുത്തുകൊടുക്കുന്ന രണ്ടു കുട്ടികൾ. ഇവരെയെന്തിനാണ് ദൈവം ശിക്ഷിക്കുന്നത്. വിധി വേട്ടയാടുന്നത്.

'മതി ചേച്ചീ മതി..'

ആൻസി പറയുന്നതുകേട്ടു.

'ഇതുകൂടി.' ഒരു കേക്കിന്റെ കഷണം ആനി നിർബന്ധിച്ച് ആൻസിയുടെ വായിലേക്കു കുത്തിത്തിരുകി.

'ഈ ചേച്ചി.' ആനിയോടൊപ്പം ഏലിയാമ്മയും ചിരിച്ചു.

'ഒന്നു കുളിക്കണം' -ആൻസി പറഞ്ഞു.

ആനി അവളെ തന്റെ മുറിയിലേക്കു വിളിച്ചു. ബാഗെടുക്കാൻ ആനിയെ സമ്മതിച്ചില്ല ആൻസി. വലിയപെട്ടി സൈമൺ ഫ്രീയായിട്ട് എടുത്തുവയ്ക്കാമെന്നു ഏലിയാമ്മ പറഞ്ഞു. ആൻസി അതു നിരക്കി സ്റ്റെയർകേസിന്റെ അടിയിലേക്കുവച്ചു.

ആൻസിയുടെ കൈപിടിച്ച് ആനി പതിയെ സ്റ്റെയർകേസ് കയറി. മുറിയിൽ ബാഗുകൾ കൊണ്ടുവച്ചു. ഇതിനകത്ത് ചേച്ചിക്ക് തരാൻ കുറെ സാധനമുണ്ട്. ഞാൻ കുളികഴിഞ്ഞ് വന്നിട്ട് എടുത്തുതരാം. മോളിവിടെയിരിക്ക്. ആൻസി കുളിക്കാനായി മുറിയിലേക്ക് കയറി.

ആനി പടികയറിയ ക്ഷീണത്തിൽ മുറിയിലെ കസേരയിലിരുന്നു.

ആൻസി പെട്ടെന്നുതന്നെ കുളികഴിഞ്ഞ് തിരിച്ചെത്തി. ബാഗ് തുറന്ന് അപ്പന്റെ കത്തും പ്രസവാനന്തരം കഴിക്കാനുള്ള ലേഹ്യവും എടുത്തുകൊടുത്തു. ആനി അതൊക്കെ നോക്കി.

'വർഗീസ് വൈദ്യന്റെ കടയിൽ രണ്ടാഴ്ച അപ്പൻ കയറിയിറങ്ങി നടക്വാരുന്നു ഇതിന്.'

ലേഹ്യത്തിന്റെ അടപ്പു തുറന്നുകൊണ്ട് ആൻസി പറഞ്ഞു.

അപ്പന്റെ കത്തിലെ സ്നേഹാർദ്രമായ വരികളിലൂടെ കണ്ണോടിക്കവേ ആനിയുടെ കണ്ണു നിറഞ്ഞു. ആൻസി അതു തുടച്ചു.

കൃത്രിമമായ വാത്സല്യത്തോടെ ആൻസി ആനിയുടെ താടിയിൽ പിടിച്ചിട്ടു ചോദിച്ചു.

'അപ്പോഴേക്കും എന്റെ മുത്തിന്റെ കണ്ണു നിറഞ്ഞോടാ. മോള് കരയേണ്ട കേട്ടോ. ഈ ലേഹ്യം ഞാൻ വായിൽവച്ചുതരാം കേട്ടോ ചക്കരേ.' ആനി ചിരിച്ചു.

ആൻസി ആനിയുടെ നെറ്റിയിൽ ഉമ്മവച്ചിട്ടു പറഞ്ഞു.

'ദേ, ഇപ്പോ കരഞ്ഞാൽ ഇതിനകത്തുകിടക്കുന്നവനു കൂടിയാ കൊഴപ്പം. പറഞ്ഞേക്കാം. അടികൊള്ളുമേ.'

ആനി കളിയായി ആൻസിയുടെ ചെവിപിടിച്ചു തിരുമ്മി.

'അയ്യോ ഈ ചേച്ചി ഇപ്പോഴും മറന്നിട്ടില്ല. പടിക്കാത്തതിന് തന്റെ ചെവി എത്രയോ പ്രാവശ്യം പിടിച്ചു തിരുമ്മിയിട്ടുണ്ട്.' ആനി മൊബൈൽ എടുത്തു അപ്പനെ വിളിച്ചു ആൻസി വന്നത് അറിയിച്ചു. ആൻസിയും ഫോണിൽ അപ്പോനോടു സംസാരിച്ചു. ഫോൺവച്ചുകൊണ്ട് ആൻസി ആനിയോടു പറഞ്ഞു-

'ഹോ അപ്പന്റെയൊരു ഉപദേശം. മോളെ നന്നായി നോക്കണം. അവളുടെ കുഞ്ഞിനെ കാണാൻ കൊതിയായന്നൊക്കെയാ പറയുന്നത്. അപ്പനെ ഇങ്ങോട്ടു കൊണ്ടുവരണം ഡെലിവറി കഴിഞ്ഞ്.'

ആനി ലേഹ്യകുപ്പിയെടുത്ത് തിരിച്ചുംമറിച്ചും നോക്കി. എങ്ങനെ കഴിക്കണമെന്നൊക്കെ മലയാളത്തിൽ എഴുതിയിരിക്കുന്നു.

'എയർപോർട്ടിലുള്ളവർ കാണാത്തത് ഭാഗ്യം. അവരുകണ്ടാൽ എടുത്തുകളയും. ഇതുമുഴുവനും മോള് കഴിച്ചോണം' ആൻസി പറഞ്ഞു.

'ഓ കഴിച്ചോളാമേ.'

ആനി ഭവ്യതയോടെ പറഞ്ഞു. അവർ ഇരുവരും ചിരിച്ചു.

ആൻസി അതൊക്കെ ഷെൽഫിൽകൊണ്ടുവന്നുവച്ചു. തിരിച്ചുവന്നിട്ട് ആനിയുടെ അടുക്കലിരുന്നു.

'ഞാൻ ഒരു കാര്യം ചോദിച്ചാൽ എന്റെ ചേച്ചിവാവ കരയോ.'

ആനി മുഖമുയർത്തി അവളെ നോക്കി.

ആൻസി ചോദിക്കാൻ വരുന്നതെന്താണെന്നു ആനിക്കു മനസിലായി. എങ്കിലും ആനി കാര്യമെന്താണെന്ന് അവളോടു ചോദിച്ചു.

'ജസ്റ്റിൻ ചേട്ടൻ...'

ആനിയുടെ മുഖം വാടി. ചുമന്നു. നഷ്ടമായ ഒരു വസന്തത്തിന്റെ നിഴൽ അവളുടെ മുഖത്തുനിറഞ്ഞു. നടന്നു കയറിയ മുൾവഴികളിലൊക്കെ ചോര പൊടിഞ്ഞിരുന്നു. ഓർമയുടെ പാറക്കെട്ടുകളിലൂടെ വീണ്ടു നടന്നു. മനം മുറിഞ്ഞ് അവൾ തിരികെവന്നു.

നമുക്കു മറ്റെന്തെങ്കിലും സംസാരിക്കാം മോളേ.

ആനി പറഞ്ഞു. ഒന്നു നിർത്തി ആൻസിയെ നോക്കി പറഞ്ഞു.

'ജസ്റ്റിൻ ചേട്ടനെപ്പറ്റിയല്ലേ നിനക്കറിയേണ്ടത്. പറയാം. ഇപ്പോ ഡൈവോഴ്സിനു നടക്കുകയാ. ഞാനുമായുള്ള ബന്ധം വേർപെടുത്താൻ. ഈ കുഞ്ഞ് ജനിച്ചാലുടനെ ഞാനാ ഡൈവോഴ്സിനു സമ്മതംമൂളും.'

നിറഞ്ഞ കണ്ണുകളോടെ ആനി ആൻസിയെ നോക്കി. അവളുടെ കണ്ണുകളും നിറഞ്ഞിരുന്നു.

'ഇനി കൂടുതലൊന്നും മോള് എന്നോട് ചോദിക്കരുത്.'

ആനി ആൻസിയുടെ കണ്ണുതുടച്ചു ചുണ്ടിലൊരു ചിരിവരുത്താൻ ശ്രമിച്ചു പരാജയപ്പെട്ടു.

'നീയുംകൂടി കരഞ്ഞാലോ മോളേ. അപ്പൊ ഈ ചേച്ചിയെ ആരാ ആശ്വസിപ്പിക്കുന്നെ. അപ്പൻ ഇതൊന്നും അറിയരുതെന്നേ എനിക്കുള്ളൂ. പാവം രാജാക്കൻമാരുടെയും രാജ്ഞിമാരുടെയും നാട്ടിൽ മകൾ സുഖമായി കഴിയുന്നുവെന്നു വിചാരിച്ചോട്ടെ ഈ വയസുകാലത്ത്.'

അപ്പനു കൊടുക്കാൻ പറ്റുന്ന ഏറ്റവും വലിയ സന്തോഷമതാണ്. ആനി ഒന്നു നിർത്തിയിട്ടു തുടർന്നു.

‘പോട്ടെ എന്റെ ബലൂൺ വയറിനുള്ളിലുള്ളത് മകളോ മകനോ നീ പറ.’
വിഷയം മാറ്റാനെന്നപോലെ ആനി ആൻസിയോടു ചോദിച്ചു.
വിഷയംമാറിപ്പോയതിൽ ആൻസിയും സന്തോഷിച്ചു.
‘എന്റെ ചേച്ചിയെപ്പോലെ ഒരു സുന്ദരികുട്ടി.’
ആൻസി കണ്ണീരണിഞ്ഞ മുഖത്തോടെ ആനിയുടെ കവിളിൽ നുള്ളി.
അവൾ ആനിയുടെ മടിയിലേക്കു തലചായ്ച്ചു.
ദിവസങ്ങൾ അപ്പൂപ്പൻതാടിപോലെ കൊഴിഞ്ഞുപോയി. ആനി ഒരാൺകുഞ്ഞിനു ജന്മംനല്കി.

*(തുടരും.......)*